DWCD/6136/2022-E7

I/72879/2022

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :23-12-2022
Email -
wcdestablishment2017@gmail.com
Phone : 0471 – 2346508

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്-ജീവനക്കാര്യം-ക്ഷേമസ്ഥാപനങ്ങളിലെ കെയർടേക്കർ തസ്തികയിലെ താൽക്കാലിക നിയമനം-സേവനകാലയളവിന് പരിചയ സർട്ടിഫിക്കറ്റ് നൽകുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന: പത്തനംതിട്ട ജില്ലാ വനിത ശിശുവികസന ഓഫീസറുടെ 06/12/2022 ലെ WCD/PTA/A1/2200/22 നമ്പർ കത്ത്

വനിത ശിശുവികസന വകുപ്പിന്റെ കീഴിലെ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിലും ഓർഫനേജ് കൺട്രോൾ ബോർഡ്/ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളിലും താൽക്കാലിക അടിസ്ഥാനത്തിൽ കെയർടേക്കർ ആയി സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സേവനകാലയളവ് കണക്കാക്കി പരിചയ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ/ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കെയർടേക്കർ തസ്തികയിൽ താൽക്കാലിക സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് ജില്ലാ വനിത ശിശുവികസന ഓഫീസർ വിതരണം ചെയ്യേണ്ടതാണ്.

2) സേവന പരിചയ സർട്ടിഫിക്കറ്റിനായി അപേക്ഷ ലഭിക്കുന്ന വേളയിൽ ജില്ലാ വനിത ശിശുവികസന ഓഫീസർ സ്ഥാപനം സന്ദർശിച്ച് ജീവനക്കാരന്റെ അറ്റന്റൻസ്, അക്വിറ്റൻസ്, ഡ്യൂട്ടി രജിസ്റ്റർ എന്നിവ പരിശോധിച്ച് സേവനകാലയളവ് ഉറപ്പാക്കേണ്ടതാണ്.

3 ) സേവനമനുഷ്ഠിച്ചിരുന്ന തസ്തിക, സേവനകാലയളവ് എന്നിവ പരിശോധനാവിധേയമാക്കേണ്ടതാണ്

4) സേവനകാലയളവിൽ ശമ്പളം കൈപ്പറ്റിയിട്ടില്ലായെങ്കിൽ സൗജന്യസേവനമായി കണക്കാക്കേണ്ടതും ഇത്തരം സേവനകാലയളവിന് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

5) സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധനാവിധേയമാക്കേണ്ടതും സേവന കാലയളവിൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ ഉണ്ടായിരുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

6) അപേക്ഷയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം രജിസ്റ്ററിൽ

I/72879/2022

രേഖപ്പെടുത്തി ജില്ലാ വനിത ശിശുവികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

7) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനത്തിന് ഇത്തരം പരിചയ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനാൽ വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ വിശദാംശം (അപേക്ഷ,രജിസ്റ്റർ,സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്) തുടർപരിശോധനയ്ക്കായി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്

8) വകുപ്പിന്റെ കീഴിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കെയർ ടേക്കർ തസ്തികയ്ക്ക് പുറമേയുള്ള ഇതര തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നവർക്ക് ഒരുകാരണവശാലും കെയർ ടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവെന്നുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ പാടുള്ളതല്ല.

9) ജില്ലാ വനിത ശിശുവികസന ഓഫീസർമാർ വകുപ്പിലെ ക്ഷേമസ്ഥാപനങ്ങൾ സന്ദർശിക്കുമ്പോൾ കെയർടേക്കർ തസ്തികയിലെ താൽക്കാലിക നിയമനം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

10) പരിചയ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷയിൻമേൽ ജില്ലാ വനിത ശിശുവികസന ഓഫീസർമാർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്-

1) എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും

2) സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 23-12-2022 00:14:51